കേരള സർക്കാർ

# പായിപ്ര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.8)1972/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :08.12.2016

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.8)1972/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :08.12.2016

## എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2015 മുതൽ 03.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു,ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.11.2016 മുതൽ 11.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജലജ എം.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സ്റ്റാർ പി. ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പ്രവീൺ വി.എൻ, ഓഡിറ്റർ |
| | മായ കൃഷ്ണൻ, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ. എച്ച്. സിദ്ധിക്ക് | 1.4.15മുതൽ 19.5.15 വരെ |
| | സുലൈഖാ മക്കാർ | 20.5.15മുതൽ 8.6.15 വരെ |
| | സോഫിയ ബീവി | 9.6.15മുതൽ 31.10.15 വരെ |
| | നൂർജഹാൻ നാസർ | 1.11.15മുതൽ 31.3.16 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | പി.എം. മുഹമ്മദ് | 01.04.2015<br>14.05.2015 | 03.05.2015<br>11.01.2016 |
| | കെ.കെ. പൊന്നമ്മ (അസി. സെക്രട്ടറി) പൂർണ്ണ അധിക ചുമതല) | 04.05.2015 | 13.05.2015 |
| | ജി. ജിനേഷ് | 12.01.2016 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ. പൊന്നമ്മ | 01.04.2015 | 22.07.2015 |
| | കെ.പി. ഗീതാകുമാരി | 23.07.2015 | 31.03.2016 |
| കൃഷി ഓഫീസർ | രാജു പി.എൻ. | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.പി. സോമൻ | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ, പി,എച്ച്,സി | ഡോ. ജാൻസി ജോസഫ് | 01.04.2015<br>11.08.2015 | 13.07.2015<br>31.03.2016 |
| | ഡോ. സരിൻ ജോയ് | 14..07.2015 | 10.08.2015 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മഞ്ചു ടി.വി. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബക്കർ എ.എം. (മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി, കീഴില്ലം) | 01.04.2015 (അധിക ചുമതല) | 23.06.2015 |
| | ബീന പോൾ (മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി, കീഴില്ലം) | 24.06.2015 (അധിക ചുമതല) | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജിത് പി. രാഘവൻ | 01.04.2015 | 31.03.2016 |
| വെറ്റിനറി സർജൻ | ഡോ. എ.ബി. അനിൽ | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുടവൂർ, തൃക്കളത്തൂർ) | നൗഷാദ് എം.എം. | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പായിപ്ര, മുളവൂർ) | ജാൻസി പൗലോസ് | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ക്ളയർ ഡൂറോം | 01.04.2015 | 30.08.2015 |
| | സൂസമ്മ സി.ഒ. | 01.09.2015 | 22.12.2015 |
| | രമ്യ രതീശൻ | 23.12.2015 | 15.02.2016 |
| | ജിഷ ജോസഫ് | 16.02.2016 | 31.03.2016 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1(എ),(ബി),(സി) |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി | 2-2 |
| | ഭാഗം 3 | |
| 14 | പൊതുടാപ്പുകളുടെ വെള്ളക്കരം- വാട്ടർ അതോറിറ്റിക്ക് തുക അധികമായി നൽകി നഷ്ടം- 1,99,058/- രൂപ | 3-1 |
| 15 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 3-2 |
| 16 | മോട്ടോർ പമ്പ് സെറ്റ് -സബ്സിഡി | 3-3 |
| 17 | ഊരുക്കൂട്ട പ്രദേശങ്ങളിൽ എൽ ഇ ഡി ബൾബ്- സ്ഥാപിക്കൽ | 3-4 |
| 18 | മുൻകൂറുകൾ ക്രമീകരിച്ചില്ല | 3-5 |
| 19 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 3-6 |
| 20 | സിമന്റ് പ്ലാസ്റ്ററിങ് പ്രവൃത്തി | 3-7 |
| 21 | പൊതുമരാമത്ത് പ്രവൃത്തികൾ | 3-8 |
| 22 | ആശ്രയ പദ്ധതി | 3-9 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസ ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |

അനുബന്ധം

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.ബാലൻസ് ഷീറ്റ്

3.രസീപ്റ്റ്&പേയ്മെൻറ് അക്കൗണ്ട്

4.ഇൻകം&എക്സ്പെൻറീച്ചർ അക്കൗണ്ട്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015തിയതിയിലെ തീരുമാനം ഒന്ന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 17,47,81,000 | 17,90,34,000 |
| വാർഷിക കണക്കുകൾ പ്രകാരം | 5,58,41,757 | 7,32,68,786 |
| വ്യത്യാസം | 11,89,39,243 | 10,57,65,214 |
| ശതമാനം | 68.05% | 59.07% |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 14.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 09.11.2016 |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,37,49,203 |
| വരവ് | 5,58,41,757 |

| | |
|---|---|
| ആകെ | 8,95,90,960 |
| ചെലവ് | 7,32,68,786 |
| നീക്കിയിരിപ്പ് | 1,63,22,174 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7382756 | 6296266 | 13679022 | 11669298 | 2009724 | 0 |
| വികസന ഫണ്ട് (എസ്. സി.പി) | 1294391 | 2103383 | 3397774 | 2886383 | 511391 | 0 |
| വികസന ഫണ്ട് (ടി.എസ്. പി) | 42900 | 105802 | 148702 | 148702 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 568233 | 10304097 | 10872330 | 10872330 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡി തരം) | 160807 | 3649339 | 3810146 | 3810146 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1975655 | 9393348 | 11369003 | 7942662 | 3426341 | 0 |
| ലോക ബാങ്ക് സഹായം | 4403000 | 547269 | 4950269 | 4363328 | 586941 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 88486680 | 178 | 61999786 | 38 | 6 | 80.18 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.92ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 97,15,198 | 7254869 | 2460329 | (-)25.32 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 18,12,863 | 2074380 | 261517 | (+)14.43 |
| മറ്റുവരവുകൾ | 7635 | 254942 | 247307 | (+)3239.12 |
| ആകെ | 1,15,35,696 | 9584191 | 1951505 | (-)16.92 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,26,160 | 196 |
| കർഷകതൊഴിലാളി പെൻഷൻ | 83,36,190 | 955 |
| വിധവാപെൻഷൻ | 1,13,85,960 | 1080 |
| വാർദ്ധക്യകാലപെൻഷൻ | 1,06,90,770 | 1591 |
| വികലാംഗപെൻഷൻ | 60,08,960 | 589 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3,20,440 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2081/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്,ഡി&ഒ ലൈസൻസ് ,കെട്ടിടനികുതി എന്നിവയിലെ വരവുകൾ ക്രമപ്രകാരം വർദ്ധിക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണ തോതിൽ ഈടാക്കാൻ സാധിച്ചിട്ടില്ല. ആവശ്യമായ ജീവനക്കാരുടെ എണ്ണം പൂർണ്ണമല്ലാത്തതിനാൽ നികുതി പിരിവിനെയും ജനങ്ങൾക്കുള്ള സേവനപ്രവർത്തനത്തെയും വലിയ അളവുവരെ ബാധിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.04.2016, 27.04.2016 | 01.03.2016 മുതൽ 31.03.2016 വരെ | 16.07.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014 മുതൽ 06.06.2014 വരെ | 2009-10 മുതൽ 2013-14 വരെ | 20.07.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2--1(എ) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-

താഴെ ചേർക്കുന്ന വ്യക്തി തൊഴിൽ നികുതിയിനത്തിൽ അടവാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ-

1.

| സ്ഥാപനം | നികുതി ദായകൻ | ആദ്യ അർദ്ധ വർഷ വരുമാനം | അടച്ച തുക | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|
| ഈസ്റ്റ് പോസ്റ്റോഫീസ് വാഴപ്പിള്ളി | റെജി പി സി, (ഒന്നാം അർദ്ധവർഷം) | 46266 | 300 | 450 | 150 |

2-1 (ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല – നഷ്ടം 2500/- രൂപ

| സ്ഥാപനം | നികുതി ദായകൻ | അടച്ച തുക | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|
| കൊശമറ്റം ഫിനാൻസ്, പോഴയ്ക്കാപ്പിള്ളി | സ്ഥാപന നികുതി, (രണ്ട് അർദ്ധവർഷം ഉൾപ്പെടെ) | - | - | 2500 |

നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തി/സ്ഥാപനത്തിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ 1996-ലെ ചട്ടം 3(2)മുതൽ (11)വരെ പ്രകാരം പഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2-1 (സി)

താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല,വിശദവിവരം ചുവടെ-

| ക്രമ നം. | പേര് | ഈടാക്കേണ്ട നികുതി/ഒരു അർദ്ധവർഷം |
|---|---|---|
| 1 | വി.കെ.റഹീം | 1250 |
| 2 | ഷാജി കെ.കെ. | 1250 |
| 3 | പി.എച്ച്. ഇല്യാസ് | 1250 |
| 4 | എൻ.കെ.അഷ്റഫ് | 1250 |
| 5 | പി.എം.അലി | 1250 |
| 6 | പി.എം.കബീർ | 1250 |
| 7 | മാഹിൻ സി.എം. | 1250 |
| 8 | ശ്രീജിത്ത് | 1250 |
| 9 | സഹദേവൻ | 1250 |
| | ആകെ | 11250 |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിരിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ നാളിതുവരെ വസ്തു നികുതി ഒടുക്കിയതായി കാണുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 19 നികുതി ഒടുക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ-

| ക്രമം | വാർഡ്/ കെട്ടിട നം. | സ്ഥാപനം | വിസ്തീർണ്ണം |
|---|---|---|---|
| 1 | 1/18 | സബ്ഡിവിഷണൽ എഞ്ചിനീയർ, ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം, എസ്.എൻ.ഡി.പി. ജംഗ്ഷൻ മൂവാറ്റുപുഴ | ലഭ്യമല്ല. |
| 2 | 2/716 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8ാം നില, വൻകാരത്ത് ടവർ, പാലാരിവട്ടം, കൊച്ചിൻ. | 46ച.മീ. |
| 3 | 7/254 | സബ്ഡിവിഷണൽ എഞ്ചിനിയർ,ടെലിഫോൺ എക്സ്ചേഞ്ചിന്എതിർവശം, എസ്.എൻഡിപി ജംഗ്ഷൻ മൂവാറ്റുപുഴ | 24ച.മീ. |
| 4 | 8/666 | ജമാൽ ഇല്ലത്തുകുടിയിൽ& അലിയാർ മുതിരക്കാലായിൽ,പേഴക്കാപ്പിള്ളി. | 23ച.മീ. |
| 5 | 8/684 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8ാം നില, വൻകാരത്ത് ടവർ, പാലാരിവട്ടം, കൊച്ചിൻ. | 24ച.മീ. |
| 6 | 12/363 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ്,38/628, എ&പി ആർക്കേഡ്, എസ്.എ.റോഡ്, കൊച്ചിൻ 16 | 20ച.മീ. |
| 7 | 12/364 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8ാം നില, വൻകാരത്ത് ടവർ, പാലാരിവട്ടം, കൊച്ചിൻ. | 45ച.മീ. |
| 8 | 12/536 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, മാത്തർ സ്ക്വയർ. 1-ാം നില, നോർത്ത് റെയിൽവേസ്റ്റേഷന് സമീപം,എറണാകുളം-18 | 60ച.മീ. |
| 9 | 15/249 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8ാം നില, വൻകാരത്ത് ടവർ, പാലാരിവട്ടം, കൊച്ചിൻ. | 30ച.മീ. |
| 10 | 15/250 | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എ. റോഡ്, കടവന്ത്ര,കൊച്ചി. | 30ച.മീ. |
| 11 | 16/113 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8ാം നില, വൻകാരത്ത് ടവർ, പാലാരിവട്ടം, കൊച്ചിൻ. | 47ച.മീ. |
| 12 | 19/233 | സബ്ഡിവിഷണൽ എഞ്ചിനിയർ,ടെലിഫോൺ എക്സ്ചേഞ്ചിന്എതിർവശം, എസ്.എൻഡിപി ജംഗ്ഷൻ മൂവാറ്റുപുഴ | 45ച.മീ. |

| | | | |
|---|---|---|---|
| 13 | 19/528 | വയർലെസ് ടിടി ഇൻഫോ സർവീസ്, എൽപ്ലാസാ, പാലാരിവട്ടം. | 45ച.മീ. |
| 14 | 20/247 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, മാത്തർ സ്ക്വയർ. 1-ാം നില, നോർത്ത് റെയിൽവേസ്റ്റേഷന് സമീപം,എറണാകുളം-18 | 53ച.മീ. |
| 15 | 6/468 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, മാത്തർ സ്ക്വയർ. 1-ാം നില, നോർത്ത് റെയിൽവേസ്റ്റേഷന് സമീപം,എറണാകുളം-18 | -വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| 16 | 6/524 | സ്ഥാപനത്തിൻെറ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല. | -വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| 17 | 6/544 | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എ. റോഡ്, കടവന്ത്ര,കൊച്ചി. | 70 ച.മീ. |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം- വാട്ടർ അതോറിറ്റിക്ക് തുക അധികം നൽകി - 1,99,058/-രൂപ

പഞ്ചായത്ത് ഭരണസമിതിയുടെ 31-12-2014- ലെ 5-ാം നമ്പർ തീരുമാനം പ്രകാരം 177- പൊതു ടാപ്പുകളിൽ 70- എണ്ണത്തിന്റെ കണക്ഷൻ വിച്ഛേദിക്കുവാനുള്ള തീരുമാനം എടുക്കുകയും 17-1-2015ൽ മൂവാറ്റുപുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ പി.എച്ച്.സി -ക്ക് കത്ത് നൽകുകയും ഇതുപ്രകാരം 70 ടാപ്പുകൾ വിച്ഛേദിക്കുവാനുള്ള എസ്റ്റിമേറ്റ് തുകയായ 52,000/- രൂപ ഡി. ഡി നം.484145 തീയതി 23.04.2015 എസ്.ബി.റ്റി, മൂവാറ്റുപുഴ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകത ചുവടെ-

1. തുക കൈമാറിയതിന് ശേഷമുള്ള മാസങ്ങളിൽ പ്രസ്തുത ടാപ്പുകൾ വിച്ഛേദിക്കുകയോ, വെള്ളക്കരത്തിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല.

2.വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് പദ്ധതി സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല.

3.മേൽ അപാകത നിലനിൽക്കുന്നതിനാൽ തന്നെ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഇതുമൂലം പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികമായി നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. തീയതി | ഡി.ഡി നം. തീയതി | വെള്ളക്കരം അടക്കേണ്ട മാസം | വെള്ളക്കരം അടക്കേണ്ട ടാപ്പുകളുടെ എണ്ണം, തുക (ഒരു | വെള്ളക്കരം അടച്ച ടാപ്പുകളുടെ എണ്ണം, തുക | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ടാപ്പിന് 437.50-പ്രതിമാസം) | | |
| 51500144/ 22.5.15 | 102328/ 22.5.15 | മെയ് | 107 – 46,813 | 177 -77,438 | 30,625 |
| 5150212/ 29.6.15 | 102332/ 29.6.15 | ജൂൺ | 107 – 46,813 | 177 -77,438 | 30,625 |
| 51500291/ 28.7.15 | 102328/ 22.5.15 | ജൂലൈ | 107 – 46,813 | 142 – 62,125 | 15,312 |
| 51500376/ 31.8.15 | 102348/ 31.8.15 | ഓഗസ്റ്റ് | 107 – 46,813 | 142 – 62,125 | 15,312 |
| 51500488/ 28.7.15 | 104804/ 9.10.15 | സെപ്റ്റംബർ | 107 – 46,813 | 142 – 62,125 | 15,312 |
| 51500528/ 29.10.15 | 342571/ 29.10.15 SBT, Paipra | ഒക്ടോബർ | 107 – 46,813 | 142 – 62,125 | 15,312 |
| 51500597/ 27.11.15 | 104807/ 27.11.15 | നവംബർ | 107 – 46,813 | 142 – 62,125 | 15,312 |
| 51500688/ 28.1.16 | 104810/ 29.12.15 | ഡിസംബർ | 107 – 46,813 | 142 – 62,125 | 15,312 |
| 51500821/ 28.1.16 | 155131/ 28.1.16 SBT, Paipra | ജനവരി | 107 – 46,813 | 142 – 62,125 | 15,312 |
| 51500939/ 29.2.16 | 155145/ 29.2.16 SBT, Paipra | ഫെബ്രുവരി | 107 – 46,813 | 142 – 62,125 | 15,312 |
| 51501087/ 29.3.16 | 104829/ 29.3.16 | മാർച്ച് | 107 – 46,813 | 142 – 62,125 | 15,312 |
| ആകെ | | | | | 1,99,058 |

വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികമായി നൽകിയ 1,99,058/- രൂപയ്ക്ക് വിശദീകരണവും മറുപടിയും ലഭ്യമാക്കേണ്ടതും അധികമായി നൽകിയ തുക വാട്ടർ അതോറിറ്റിയിൽ നിന്ന് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം | S0137/16 |

| | |
|---|---|
| അടങ്കൽ | 50,000/- രൂപ |
| ചെലവ് | 50,000/-രൂപ,<br>ചെക്ക് നം192059/20.01.2016 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ- ഹോമിയോ |

ആവശ്യമുള്ള ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമല്ലെങ്കിൽ മാത്രമേ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാവൂ.കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 30.04. 2015 വരെ മാത്രം വാലിഡിറ്റി ഉള്ള ഒരു നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മുളവൂർ എൻ. ആർ. എച്ച്. ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 01.09.2015-ന് ക്വട്ടേഷൻ ക്ഷണിച്ചത്. ബന്ധപ്പെട്ട ഫയൽ പരിശോധച്ചതിൽ നിന്നും സൺറൈസ് ഫാർമസ്യൂട്ടിക്കൽസ്, XVI/ 283C, റാണി ടവർ,പി. ഒ. ജങ്ഷൻ, മൂവാറ്റുപുഴ, ഇൻഡ്യൻ ഫാർമസ്യൂട്ടിക്കൽസ്,VIII/294 N, എ.പി.ടവർ, മാർക്കറ്റ് പി. ഒ., വെള്ളൂർക്കുന്നം,മൂവാറ്റുപുഴ, ആംലൈഫ് മെഡിക്കൽ സൂപ്പർ മാർക്കറ്റ്, XII/828, വെട്ടു കാട്ടിൽ ബിൽഡിങ്, ടി. ബി. ജങ്ഷൻ, മൂവാറ്റുപുഴ എന്നീ മൂന്നു സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത്. അതിൽ കുറഞ്ഞ തുകയുടെ ക്വട്ടേഷനാണ് സ്വീകരിച്ചത്. എന്നാൽ 30.04.2015 വരെ മാത്രം വാലിഡിറ്റി ഉള്ള ഒരു നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്. മേൽ അപാകത നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 മോട്ടോർ പമ്പ് സെറ്റ് -സബ്സിഡി

| | |
|---|---|
| പ്രോജക്ട് | സ്പ്രേയർ -മോട്ടോർ പമ്പ് സെറ്റ് |
| പ്രോജക്ട് നം. | S022/16 |
| അടങ്കൽ | 286000/- |
| ചെലവ് | 115295/- |
| ബിൽ നം. | 4/15-16, തീ.18-03-16,8/15-16, തീ.26-03-16 |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം മോട്ടോർ പമ്പ് സെറ്റ് വാങ്ങിയതിന് സബ്സിഡിയിനത്തിൽ തുകകൈമാറിയതിൽ സിസ്റ്റർ മേരി ജോസഫ്, എഫ് സി കോൺവെൻെറ് , ഈസ്റ്റ് വാഴപ്പിള്ളി, മൂവാറ്റുപുഴ എന്ന വ്യക്തിക്ക് തുക അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ-

| ഇനം | യഥാർത്ഥ വില | സബ്സിഡി തുക | ഡി.ഡി.നം,തീ. |
|---|---|---|---|
| മോട്ടോർ പമ്പ് സെറ്റ് | 10740/- | 5000/- | 194423/21.3.1 |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ-

1.ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന രേഖകളിൽനിന്നും ടി- സ്ഥലം കൊൺവെൻെറിൻെറ പേരിൽ ഉള്ളതും ഒരു വ്യക്തിയുടെ പേരിൽ ഉടമസ്ഥാവകാശം നിക്ഷിപ്തമല്ലെന്നും വ്യക്തമാണ്.

2.ജി.ഒ(എം.എസ്)362/2013,ത.സ്വ.ഭ.വ.തീ.16.11.2013 -ലെ സബ്സിഡി മാർഗ്ഗരേഖപ്രകാരം ജല സ്രോതസുകൾ സ്വന്തമായോ, പാട്ടകൃഷിഭൂമിയോ ഉള്ളവർക്ക് മാത്രമേ പമ്പ് സെറ്റ് സബ്സിഡിക്ക് അർ ഹതയുള്ളുവെന്ന് വ്യക്തമാക്കുന്നു.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ഹാജരാക്കേണ്ടതാണ്. ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഊരുക്കൂട്ട പ്രദേശങ്ങളിൽ എൽ ഇ ഡി ബൾബ്-.സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് | ഊരുക്കൂട്ട പ്രദേശങ്ങളിൽ.എൽ ഇ ഡി ബൾബ് സ്ഥാപിക്കൽ |
| പ്രോജക്ട് നം. | S0155/16 |
| അടങ്കൽ | 12,000/- |
| ചെലവ് | 12,000/- ചെക്. നം. 192788/30.03.2016 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിപ്രകാരം എൽ ഇ ഡി ബൾബ് സ്ഥാപിച്ചതിന്റെ യാതൊരു രേഖയോ, പൂർത്തീകരണ സാക്ഷ്യ പത്രമോ ബന്ധപ്പെട്ട ഫയലിൽ ഇല്ല. തുക കൈപ്പറ്റിയ രസീത് മാത്രമാണ് ഫയലിനൊപ്പം ചേർത്തിരി ക്കുന്നത്. പണി പൂർത്തീകരിച്ചതിന് തെളിവുകൾ ഹാജരാക്കാതെ തുക കൈമാറിയതിന് വിശദീകരണം ഹാജരാക്കേണ്ടതും ടി-അപാകത നിലനിൽക്കുന്നതിനാലും ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 മുൻകൂറുകൾ ക്രമീകരിച്ചില്ല

ജി. ഒ. (പി) 419/2011 ധന. 04.10.2011 പ്രകാരം 3 മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.താഴെ ചേർക്കുന്ന പ്രവർത്തികൾക്കായി മുൻകൂർ തുകകൾ സ്ഥാപനങ്ങളിൽ അടവാക്കിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ-

1.

| | |
|---|---|
| പ്രോജക്ട് | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ |
| പ്രോജക്ട് നം | S0143/16 |
| അടങ്കൽ | 323000/- |
| ചെലവ് | 323000/- രൂപ.[ 1,10,000/-ചെക്.നം. 216871/28.07.2015.<br>2,13,000/-ചെക് നം.216872/28.7.15,<br>70389/-(ചെലവഴിച്ചിട്ടില്ല) |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തിലെ 22-വാർഡ്, തൃക്കളത്തൂർ ഗ്രീൻ നഗർ റോഡിലേക്ക് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കു ന്നതിനായി വാട്ടർ അതോറിറ്റിയിൽ മേൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തി യാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല.( ഒരു താത്ക്കാലിക യു. സി. മാത്രമാണ് പ്രോജക്ടിനൊപ്പം ഉള്ളത്. അതുപ്രകാരം തിരിച്ചടക്കേണ്ടത് 70389/-രൂപയാണ്.) ക്രമീകരി ക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2

| | |
|---|---|
| പ്രോജക്ട് | കാരമുകൾ റോഡിൽ പൈപ്പ് ലൈൻ നീട്ടിസ്ഥാപിക്കൽ |
| പ്രോജക്ട് നം | S0158/16 |
| അടങ്കൽ | 50000/- രൂപ. |
| ചെലവ് | 50000/- രൂപ.[ ഡി.ഡി.നം. 216870/28.07.2015.] |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല.യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല.മേൽ പദ്ധതി നടത്തിപ്പിനായി നിക്ഷേപിച്ച തുക കേരള വാട്ടർ അതോറിറ്റിയിൽ 31.07.2015 - ന് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാക്കിയതിന്റെ യു.സി.ഹാജരാക്കിയിട്ടില്ലാത്തതിനാൽ കാല താമസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3

| | |
|---|---|
| പ്രോജക്ട് | നെല്ലിമറ്റം റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ |
| പ്രോജക്ട് നം | S0187/16 |
| അടങ്കൽ | 1,10,000/-രൂപ. |
| ചെലവ് | 109300/- രൂപ.[ ചെക്.നം. 193183/29.02.2016.] |
| നിർവ്വഹണം | സെക്രട്ടറി |

മേൽ ജോലിക്കായി നിക്ഷേപിച്ചതുക 03.03.2016-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ. എസ്. ഇ. ബി, വെള്ളൂർ ക്കുന്നം കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയതിന്റെ യു.സി. ഹാജരാ ക്കിയിട്ടില്ല. ആയതിനാൽ കാലതാ മസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

4

| | |
|---|---|
| പ്രോജക്ട് | കിഴക്കിനേടം പട്ടികജാതി കോളനിപൈപ്പ് ലൈൻ നീട്ടൽ |
| പ്രോജക്ട് നം | S0146/16 |
| അടങ്കൽ | 585000/-രൂപ |
| ചെലവ് | 583000/-രൂപ( ചെക്ക് നം.217498/ 18.08.2015),103707/-(ചെലവഴിച്ചിട്ടില്ല) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഹാജരാക്കിയിരിക്കുന്ന താത്ക്കാലിക യു. സി.യിൽ 103707/-രൂപ ബാക്കിയുള്ളതായിപറയുന്നുണ്ടെങ്കിലും തുക തിരിച്ചടച്ചിട്ടില്ല. ആകെ ചെലവഴിച്ച (70389+ 50000+ 109300+ 103707)=333396/-രൂപ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-6 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നം | S0135/16 |
| അടങ്കൽ | 2,00,000/- |
| ചെലവ് | 2,00,000/- ,ഡി.ഡി.നം.192059/20.01.2016 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,ഹോമിയോ |

കേരള സംസ്ഥാനഹോമിയോപ്പതി സഹകരണ ഫാർമസിക്ക് മരുന്നു ലഭ്യമാക്കുന്നതിനുള്ള ഇൻഡന്റി നൊപ്പം 2,00,000/- രൂപയും നല്കിയിട്ടുണ്ട്. നാളിതുവരെ യതൊരു മരുന്നും ആശുപത്രിക്ക് ലഭിച്ചിട്ടില്ല. കാലതാമസം കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്,

## 3-7 സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി

സിമൻെറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്തിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3,6mm മാത്രമേ ആവശ്യമായി വരുന്നുള്ളൂ. താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് അധിക അളവ് നല്കിയിട്ടുണ്ട്, വിശദവിവരം ചുവടെ-

എ.

| | |
|---|---|
| പ്രോജക്ട് | കെ .എ .പി .വനിതാവ്യവസായ കേന്ദ്രം പൂർത്തീകരണം |
| പ്രോജക്ട് നം. | S0174/16 |
| അടങ്കൽ | 500000/- |
| ചെലവ് | 331196/- |
| ഡി.ഡി. നം. | 632145/04.04.2016 |
| അളവ് പുസ്തകം | 141/2016 |
| കരാറുകാരൻ | ശ്രീജിത്ത് . ടി |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ അളവ് പുസ്തകം ആറാമത്തെ ഇനമായ സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്തിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3,6mm മാത്രമേ ആവശ്യമായി വരുന്നുള്ളൂ.

ബി.

| | |
|---|---|
| പ്രോജക്ട് | ചാരപ്പാട്ട് ശ്മശാനം ചുറ്റുമതിൽ |
| പ്രോജക്ട് നം. | S0182/16 |
| അടങ്കൽ | 668289/- |
| ചെലവ് | 621471/- |
| ഡി.ഡി. നം. | 632129/04.04.2016 |
| അളവ് പുസ്തകം | 143/2016 |
| കരാറുകാരൻ | മാഹിൻ .സി.എം |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ അളവ് പുസ്തകം അഞ്ചാമത്തെ ഇനമായ സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്യതിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3, 6mm മാത്രമേ ആവശ്യമായി വരുന്നുള്ളൂ. മേൽ പ്രവൃത്തികൾക്ക് അധികമായ കനത്തിൽ പ്ലാസ്റ്ററിങ് ചെയ്തതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾ

ഓഡിറ്റ് വർഷം 170- പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും 150 -പ്രോജക്ടുകൾക്കായി തുക ചെലവഴിക്കുകയും 117-പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ പദ്ധതികളിൽ പൂർണ്ണമായും ഉപയോഗയോഗ്യമല്ലാത്ത അഞ്ച് പദ്ധതികൾ അവശേഷിക്കുന്നുണ്ട്-(s00109/16,s00219/16,s00174/16,s0063/16,s00126/16).ടികാലയളവിൽ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പിരിച്ചെടുത്ത 433121/-രൂപ ആയതിനായി അടവാക്കിയിട്ടുണ്ട്. ആസൂത്രണ,

നിർവ്വഹണ കാര്യക്ഷമതയിൽ സർക്കാർ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ അംഗബലം പൂർണ്ണമല്ല, ക്ലറിക്കൽ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

## 3-9 ആശ്രയ പദ്ധതി

അശരണരും നിരാലംബരും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിയുന്ന കുടുംബങ്ങളായ ആശ്രയ അഗതി കുടുംബങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്ന തിന് ഗ്രാമപ്പഞ്ചായത്തും സി. ഡി. എസും ഒത്തൊരുമിച്ചുതന്നെ പ്രവർത്തിച്ചുവരുന്നു.

മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം,കുടിവെള്ളം എന്നിവ ഒരുക്കിക്കൊടു ക്കുന്നതിനുതന്നെയാണ് ഊന്നൽ നൽകിയിട്ടുള്ളത്. ആയതിലേയ്ക്കായി പഞ്ചായത്തിൽ സി ഡി. എസിന് ചല ഞ്ചുഫണ്ട്, വികസനഫണ്ട്, കംപ്യൂട്ടർഫണ്ട് എന്നിവ ചേർന്ന പ്രത്യേക അക്കൗണ്ട് ഉണ്ട്. ആഹാര സാധ നങ്ങൾ എത്തിച്ചു നല്കുന്നതിനാണ് ചലഞ്ചുഫണ്ട് ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ ഗുണ.ലിസ്റ്റിൽ 178 ആശ്രയ കുടുംബങ്ങളുണ്ട്. ആയതിനാൽ 15.06.2010-ൽ ലഭിച്ച 15,00,000/-രൂപയും തീരുന്ന അവസ്ഥയായി. അതിനാൽ പഞ്ചായത്തിപ്പോൾ ലിസ്റ്റ് പുതുക്കി എണ്ണം കുറയ്ക്കുന്നതിനുള്ള ശ്രമത്തിലാണ്. 2012-13-ൽ വീടു പണിയാരംഭിച്ച് പണി പൂർത്തിയാക്കിയ മൂന്ന് ആശ്രയ കുടുംബങ്ങൾക്ക് യഥാക്രമം 1,00,000/-രൂപ, 50,000/-രൂപ,25,000/-രൂപ എന്നിങ്ങനെ തൻവർഷം നല്കിയിട്ടുണ്ട്. കൂടാതെ 20 കുടുംബങ്ങൾക്ക് വീടുപുനരുദ്ധാരണത്തിന് 25,000/-രൂപാവീതം നൽകിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 9,50,000 | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ | 9,50,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1,20,000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് | 1,20,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 143/16പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ വാർഡ് 20 | 216872/ 28.07.2015 216871/ 28.07.2015 | 213000 110000 | 323000 | 60147 |
| | കിഴക്കിനേടം പട്ടിക ജാതി കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 217498/ 18.08.2015 | 583000 | 583000 | 103707 |
| | 158/16 കാരമുകൾ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 216870 /28.07.2015 | 50000 | ഇല്ല | ഇല്ല |
| കെ.എസ്.ഇ.ബി | 163/16പള്ളി ച്ചിറ ബാസ്സ് റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 216869/ 28.07.2015 | 89905 | 89905 | ഇല്ല |
| | 187/16നെല്ലിമറ്റം റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 193183/ 29.02.2016 | 109300 | ഇല്ല | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ. (സാ.ധാ) നം. 564/ | 1,02,55,500 | 38,34,250 | 12,75,000 | 2,80,269 | 25,59,250 |

| | | | | | | |
|---|---|---|---|---|---|---|
| | 2010/ത.സ്വ.ഭ.വ/ 22. 2.10 | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 1,61,90/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2.3.2 | 1500 | പുളുശ്ശേരി ഫ്യൂവൽസ് | 11501101935/3.7.15 |
| 2013-14 | 2.3.2 | 2000 | ഗുഡ് വിൽ പോയന്റ് | 11501101923/3.7.15 |
| 2013-14 | 2.3.2 | 2000 | ഗുഡ് വിൽ പോയന്റ് | 11501101923/3.7.15 |
| 2013-14 | 2.3.2 | 800 | ഗോൾഡൻ ജ്വവലറി | 11501101972/6.7.15 |
| 2013-14 | 3.13 (11) | 10488 | സിനി സോമൻ | 11501102270/25.7.15 |
| 2014-15 | 3.13 (7) | 4755 | സിദ്ധിക്ക് സി.കെ | 11501103048/7.9.15 |
| 2013-14 | 3.13 (7) | 9720 | രാജേഷ് പി.എൻ | 11501103049/7.9.15 |
| 2013-14 | 3.13 (17) | 6006 | ജോയി കെ.പി | 11501103089/7.9.15 |
| 2014-15 | 3.13 (15) | 10635 | സുകു സി.എ | 11501103090/8.9.15 |
| 2014-15 | 3.13 (16) | 8485 | നാസർ | 11501103091/8.9.15 |
| 2014-15 | 3.13 (12) | 10029 | അബ്ദുൾ കരീം | 11501103311/16.9.15 |
| 2014-15 | 3.13 (10) | 8512 | മൊയ്തീൻ ബി | 11501103432/22.9.15 |
| 2013-14 | 3.13 (5) | 4085 | സാജു പി.എം | 11501103437/22.9.15 |
| 2013-14 | 3.13 (10) | 2458 | കുഞ്ഞുമുഹമ്മദ് | 11501103438/22.9.15 |
| 2013-14 | 3.13 (22) | 4815 | അജാസ് പി.എം | 11501103439/22.9.15 |
| 2013-14 | 3.13 (23) | 1752 | ഘോഷ് കെ | 11501103440/22.9.15 |
| 2013-14 | 3.13 (27) | 11088 | ഹരീദ് | 11501103441/22.9.15 |
| 2013-14 | 3.13 (12) | 4800 | കബീർ | 11501103442/22.9.15 |

| | | | | |
|---|---|---|---|---|
| 2014-15 | 2.3.2 | 1800 | റംല ബഷീർ | 11501103487/23.9.15 |
| 2013-14 | 2.3.2 | 1800 | റംല ബഷീർ | 11501103580/29.9.15 |
| 2013-14 | 3.13 (8) | 1833 | അബ്ദുൾ സലാം | 11501104145/14.10.15 |
| 2013-14 | 3.13 (9) | 1155 | റഹിം വി.കെ | 11501104146/14.10.15 |
| 2013-14 | 3.13 (18) | 5452 | റഹിം വി.കെ | 11501104147/14.10.15 |
| 2013-14 | 3.13 (28) | 6240 | ജബ്ബാർ വി.എം | 11501104221/16.10.15 |
| 2014-15 | 3.13 (11) | 7752 | നാരായണൻ കർത്ത | 11501104222/14.10.15 |
| 2013-14 | 2.3.1 | 1000 | ബാബ പി.ഇ | 11501103735/5.10.15 |
| 2013-14 | 3.13 (15) | 1775 | ഇല്യാസ് പി.എച്ച് | 11501104538/9.11.15 |
| 2013-14 | 3.13 (25) | 8171 | ഇല്യാസ് പി.എച്ച് | 11501104539/9.11.15 |
| 2014-15 | 3.13(8) | 4620 | സുനി വി.എം | 11501104540/9.11.15 |
| 2014-15 | 3.13(14) | 12154 | നാസർ എ.എം | 11501104970/30.11.15 |
| 2007-08 | 3.2 | 1820 | സ്മിത സിജു | 11501105984/22.1.16 |
| 2013-14 | 2.3.2 (7) | 400 | അന്ന ബോട്ടിൽസ് | 11501106787/23.2.16 |
| 2013-14 | 2.3.2 (8) | 400 | അന്ന ബിസിനസ് | 11501106788/23.2.16 |
| 2013-14, 2014-15 | 2.3.2 | 1600 | ഐശ്വര്യ റബ്ബർ ട്രേഡിംഗ് | 11501107722/16.3.16 |
| ആകെ | | 1,61,900 | - | - |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിക്കാത്ത, കണക്കിവിറ്റി പ്ളാൻ തയ്യാറാക്കാത്ത റോഡുകളിൽ | ആസ്തി രജിസ്റ്റർ പൂർത്തിയാക്കി ഡിജിറ്റലൈസ് ചെയ്തു. റോഡുകളിൽ നെയിം ബോർഡുകൾ സ്ഥാപിച്ചു. |

| | | | | | |
|---|---|---|---|---|---|
| | | | | കിലോമീറ്റർ ഹെക്ടോ മീറ്റർ കല്ലുകൾ സ്ഥാപിക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനം | കിലോമീറ്റർ ഹെക്ടോ മീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിന് 2016-17 ൽ പ്രോജക്ട് ക്രമീകരിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,95,90,960.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,32,68,786.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2650.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 400396.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 150 | - | പി എം മുഹമ്മദ്,സെക്രട്ടറി |
| 2-2 | 2500 | - | പി എം മുഹമ്മദ്,സെക്രട്ടറി |
| ആകെ | 2650 | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50000.00 | ബീന പോൾ,മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-3 | 5000.00 | രാജു പി എൻ,കൃഷി ഓഫീസർ |
| 3-4 | 12000.00 | കെ പി ഗീതാകുമാരി,അസി. സെക്രട്ടറി |
| 3-5 | 224096.00 | പി എം മുഹമ്മദ്,സെക്രട്ടറി |

| | | |
|---|---|---|
| | 109300.00 | ജി.ജിനേഷ്,സെക്രട്ടറി |
| ആകെ | 400396.00 | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി എം മുഹമ്മദ്,സെക്രട്ടറി | സെക്രട്ടറി,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പാത്താരിമറ്റം വീട്, മാനാറി പി.ഒ, മൂവാറ്റുപുഴ. |
| ജി.ജിനേഷ്,സെക്രട്ടറി | സെക്രട്ടറി,പായിപ്ര ഗ്രാമപഞ്ചായത്ത് | നിഷാഭവൻ,പെരുമ്പാവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02/7.1.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03/2.7.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/0629.4.08 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009/15.10.09 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09/15.10.09 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/2012/1.3.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11/27.2.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12/8.1.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13/25.11.13/4.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8)1122/15/27.7.15/17.8.15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.8)1972/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :08.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## APPENDIX – I

# AUDIT CERTIFICATE

No.K.S.A.-EKM(P8)1972/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 08.12.2016

Certified that I have audited the Annual Financial Statement of Paipra Grama panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Paipra Grama panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)